പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 351 26-06-2012 ന് മറുപടിയ്ക്ക്

**<u>വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീമതി. ഗീതാ ഗോപി : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷിനാശത്തിന് ഓരോ ഇനം കാർഷിക വിളയ്ക്കും നൽകുന്ന നഷ്ടപരിഹാരം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ; | എ) വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷിനാശത്തിന് കാർഷിക വിളകളുടെ ഇനം തിരിച്ച് നഷ്ടപരിഹാരം കണക്കാക്കുന്നതിനായി വനം വകുപ്പിന് പ്രത്യേകമായി ഉത്തരവുകൾ ഒന്നും തന്നെയില്ല. വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന കാർഷിക വിളകളുടെ നഷ്ടം കണക്കാക്കുന്നത് കൃഷിവകുപ്പ് പുറപ്പെടുവിച്ച 6.4.2004 ലെ സർക്കാർ ഉത്തരവ് നമ്പർ 96/2004/കൃഷി പ്രകാരവും 16.2.2009 ലെ സർക്കാർ ഉത്തരവ് നം. (എം.എസ്) 89/2009/DMD പ്രകാരവുമായിരുന്നു. |

....2

പ്രസ്തുത ഉത്തരവുകളിൽ പറയുന്ന നഷ്ട പരിഹാരത്തിന്റെ നിരക്കുകൾ അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു.

ബി) കൂലിയും കൃഷി ചെലവുകളുമായി തട്ടിച്ചു നോക്കുമ്പോൾ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള നഷ്ട പരിഹാര തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ബി) ഉണ്ട്. നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 11.6.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) 239/12/DMD പ്രകാരം 2012 ഏപ്രിൽ 1 മുതൽ മുൻകാല പ്രാബല്യത്തോടെ നഷ്ടപരിഹാരത്തുക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കുകൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്